## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1467 — 11.06.2019-ൽ മറുപടിയ്ക്ക്

### മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പട്ടിണിരഹിതമാക്കുന്നതിന് പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി. അബ്ദുറഹിമാൻ | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ കാലാവസ്ഥാവ്യതിയാനത്തിന്റെയും മത്സ്യലഭ്യതയിലെ കുറവിന്റെയും ഫലമായി പട്ടിണിയിലേക്ക് നീങ്ങുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പട്ടിണിയിലേയ്ക്ക് നീങ്ങുന്ന പ്രശ്നമില്ലെങ്കിലും പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്. |
| (ബി) | മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പട്ടിണിരഹിതമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | പഞ്ഞമാസങ്ങളിൽ ആശ്വാസമേകത്തക്ക വിധം സമ്പാദ്യ സമാശ്വാസ പദ്ധതി 2700/- രൂപയിൽ നിന്ന് 4500/-രൂപയായി വർദ്ധിപ്പിക്കുകയും അത് 3 ഗഡുക്കളായി വിതരണം ചെയ്യുകയും ചെയ്തു വരുന്നു. കൂടാതെ തണൽ പദ്ധതി പ്രകാരം വർഷം 1350/- രൂപ വീതം മത്സ്യത്തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് നൽകി വരുന്നുണ്ട്. കൂടാതെ ട്രോൾബാൻ നടപ്പിലാക്കുന്നത് മൂലം തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്. |
| (സി) | മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പട്ടിണിയിൽ നിന്ന് കരകയറ്റാനും സഹായം ഉറപ്പുവരുത്തി സംരക്ഷിക്കാനുമായി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ എന്നറിയിക്കാമോ? | (സി) | ഓഖി ദുരന്തത്തിൽ പൂർണ്ണമായോ ഭാഗികമായോ മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ട് തൊഴിൽ രഹിതരായ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടി 120 എഫ്.ആർ.പി. ബോട്ടുകൾ ഉൾപ്പെടെയുള്ള മത്സ്യബന്ധന യൂണിറ്റുകൾ അനുവദിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതി വിഹിതം 24% കേന്ദ്രവും ബാക്കി 76% സി.എം.ഡി.ആർ.എഫ്-ൽ നിന്നുമാണ് വഹിക്കുന്നത്. കൂടാതെ 40% കേന്ദ്ര/സംസ്ഥാന സർക്കാർ സബ്സിഡിയോടെ 200 മത്സ്യബന്ധന |

യൂണിറ്റുകൾ (എഫ്.ആർ.പി ബോട്ടുകൾ) അനുവദിക്കുന്നതിനുള്ള പദ്ധതി മത്സ്യഫെഡ് വഴി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ബ്ലൂറെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സമർപ്പിച്ച ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ അനുവദിക്കുന്നതിനുള്ള പദ്ധതിയും കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ